**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1327 30/01/2018-ൽ മറുപടിയ്ക്ക്

## ശ്രദ്ധ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആന്റണി ജോൺ**<br>**,, പി.വി. അൻവർ**<br>**,, പുരുഷൻ കടലുണ്ടി**<br>**,, ഡി.കെ. മുരളി** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മികവുറ്റവരാക്കുന്നതിനായി ശ്രദ്ധ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പഠനത്തിലെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ പഠനത്തിൽ പ്രയാസം നേരിടുന്ന 3,5,8 ക്ലാസ്സുകളിലെ ഓരോ കുട്ടിയെയും 'പഠനത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിൽ കുട്ടിയെ സമീപിക്കുക' എന്നതാണ് 'ശ്രദ്ധ' പദ്ധതിയുടെ പ്രധാന ലക്ഷ്യം കുട്ടിയെ ക്ഷമയോടെ കേൾക്കുക, അഭിപ്രായങ്ങളും അനുഭവങ്ങളും തുറന്ന് പറയുക, അധ്യാപകന്റെ ശബ്ദത്തിന് മുകളിലായി കുട്ടിയുടെ ശബ്ദം ഉയർന്ന് കേൾക്കുംവിധമുള്ള പ്രവർത്തനങ്ങൾ നടത്തുക, കുട്ടിയുടെ സാമൂഹികവും കുടുംബപരവുമായ പശ്ചാത്തലം അന്വേഷിച്ചറിഞ്ഞ് സഹായങ്ങൾ നൽകുക, സവിശേഷ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക, വ്യക്തിപരമായ ശ്രദ്ധ നൽകുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. മലയാളം, ഇംഗ്ലീഷ്, ഗണിതം, ശാസ്ത്രം എന്നീ വിഷയങ്ങളിൽ പ്രയാസം നേരിടുന്ന കുട്ടികൾക്കാണ് പരിഗണന നൽകുന്നത്. |

(സി) ഇത് സംബന്ധിച്ച് കുട്ടികളുടെ പട്ടിക തയ്യാറാക്കുന്ന നടപടി എത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പട്ടിക തയ്യാറാക്കുന്ന നടപടി പൂർത്തിയായിട്ടുണ്ട്.

(ഡി) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഒമ്പതാം ക്ലാസ്സ് വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി നവപ്രഭ പരിഹാര ബോധന പദ്ധതി ആരംഭിച്ചിട്ടുണ്ടോ വിശദാംശം നൽകുമോ?

(ഡി) ഒൻപതാം ക്ലാസ് വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് നടപ്പാക്കിയിട്ടുള്ള നവപ്രഭപദ്ധതിക്ക് 2017-18 അക്കാദമിക് വർഷത്തിൽ സെപ്റ്റംബർ മാസം തുടക്കം കുറിക്കുകയും, ജനുവരി-31-ന് പോസ്റ്റ് ടെസ്റ്റിലൂടെ വിലയിരുത്തൽ നടത്തി പൂർത്തിയാക്കുകയുമാണ്. ശാസ്ത്രം, കണക്ക്, ഇംഗ്ലീഷ്, മലയാളം എന്നീ വിഷയങ്ങൾക്ക് കൂടുതൽ പരിഗണന നൽകുന്ന പ്രസ്തുത പദ്ധതി ഈ വർഷം സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ ഒരു പോലെ നടപ്പാക്കിയിരുന്നു. സംസ്ഥാനത്ത് ഏകദേശം 60,000 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ നവപ്രഭ മൊബൈൽ ആപ്ലിക്കേഷൻ, വെബ്സൈറ്റ് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. നവപ്രഭ പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് പ്രത്യേക പഠനം നടത്തുവാനും ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ